LIBRARY ARCHIVES Kerala Legislative Assembly

ആർ.കെ.വി.വൈ. പദ്ധതി

220 (4293) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ആറുമുറി പാടശേഖരത്തിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ ;

(ഡി) പദ്ധതികളുടെ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) ഈ പാടശേഖരത്തിൽ രണ്ട് സ്ലൂയിസുകൾ നിർമ്മിക്കുന്നതിന് 23,00,800 രൂപയുടെ ഒരു പദ്ധതി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇനി കൂടുന്ന എസ്.എൽ.എസ്.സി.-യ്ക്കു മുമ്പാകെ പദ്ധതി വയ്ക്കുന്നതാണ്.

കാർഷിക സർവ്വകലാശാലയുടെ കീഴിൽ തൊഴിൽ പരിശീലനം

221 (4294) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി പാസ്സായ തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൊഴിൽ പരിശീലനം നൽകുന്ന എക്സ്റ്റെൻഷൻ പ്രവർത്തനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നറിയിക്കാമോ ;

(ബി) ഇവർക്ക് പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ തൊഴിൽ പരിശീലനമാണ് നൽകുന്നത് ; ഈ കാലയളവിൽ ഇവർക്ക് എന്തു തുക സ്റ്റൈപ്പന്റ് നൽകുന്നു ; പരിശീലനകാലാവധി എത്രയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ വർഷം എത്ര പേർക്ക് പരിശീലനം നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരം എക്സ്റ്റെൻഷൻ പ്രവർത്തനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഏതൊക്കെ മേഖലകളിലാണ് ഉറപ്പു വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?